CARLTON LEISURE
Worldwide Travel & Tours
WORLD WIDE TRAVEL AGENT
NEWBURY PARK
020 8554 4200
EAST LONDON
020 8586 7675
HARROW & WEMBLEY
020 8426 1266
SOUTH LONDON
020 8672 5757

കേരളാ ലിങ്ക്

# Kerala Link

MONTHLY

e-mail:info@keralalink.co.uk web:www.keralalink.co.uk

A monthly digest giving a round-up of news and community events

July 2022

ISSUE 315




## INSIDE THIS ISSUE:

215-member Indian squad @ Commonwealth Games in Birmingham

India trade deal on track despite Johnson's exit

UK 2021 census results so far

Melodious music and dance mark Malayali Doctors Meet in Daventry

P T Usha nominated to Rajya Sabha

ഗുണ്ട അക്രമത്തിനെതിരെ OICC UK പ്രതിക്ഷേധം രേഖപ്പെടുത്തി

Sangeetholsavam rocks Bedford

Different methods of charging an electric vehicle

ആഷ്ഫോർഡ് സെന്റ് അത്തനാസിയോസ് യാക്കോബായ പള്ളിയിൽ ഓർമ പെരുന്നാളും ഇടവക വാർഷികവും

Five ways to improve your digital wellbeing (By Sabina Abraham)

കാരൂർ സോമന്റെ നോവൽ പരമ്പര 'കന്യാസ്ത്രീ കാർമേൽ'

# Get Ready for UK's first Asian PM

Rishi Sunak has won the most votes in the first round of voting to succeed Boris Johnson as leader of the Conservative Party and Prime Minister.

He has released a campaign video and it begins with "Let me tell you a story".

Rishi then outlines his family's humble beginnings with his grandmother and then more about his parents. Clips of his childhood and the picture of Sunak Pharmacy owned by his mother in Southampton stood out more than anything else in the video.

The pharmacy's inclusion gave a message that an immigrant could become successful in the UK.

In the video Rishi said "It was Britain, Our Country, which gave them and millions like them a chance for a better future. My family gave me opportunities they could only dream of."

"I got into politics because I want everyone in this country to have the opportunity to be able to give their children a better future." he continued."

Our country faces huge challenges, the most serious for a generation. Someone has to grip this moment and make the right decisions. Because the choices we make today will decide whether the next generation of British people will have more opportunities than the last.

That's why I'm standing to be the next leader of the Conservative Party and your Prime Minister.

**Click here to watch Rishi's Video**
**www.youtube.com/watch?v=Qxajk5N3dkY**


*UK bookmakers are keeping tabs on the contest. Rishi Sunak is the favourite at +175, while Penny Mordaunt, the second-favourite at +200 with Ladbroks.*

## Is the UK ready for Rishi Sunak?

A survey by the UK think-tank, British Future, earlier this year, found that the vast majority of Britons are comfortable with having a south Asian as their Prime Minister.

In an article in the Eastern Eye, Sunder Katwala, Director of British Future said: "84 per cent of the public would have no problem with that, with only a surly one in 10 opposed.

Ethnic diversity has become so much a new normal at the top, across political parties, that this can only now be a matter of time."




**How would you feel if the successor to Boris Johnson as Prime Minister was from an ethnic minority? (Source British Future)**

"I think Britain is ready for an Asian prime minister," said Paul Uppal, former MP for Wolverhampton South-West, to the Eastern Eye.

"When you look at the way Asian communities have integrated into the UK, it's been one of the great success stories. I think the British public, are probably more receptive to this idea than a lot of other places in the world. I think they're ready for it. I think the whole country would be quite warm and quite receptive to the idea of an Asian prime minister."

# Vikram Doraiswami, India's new High Commissioner to London

Vikram Doraiswami is to take charge as Indian envoy to United Kingdom replacing the current High Commissioner Gaitri Issar Kumar.



A 1992 batch Indian Foreign Service officer, Doraiswami, who is the Indian Ambassador to Bangladesh, has served as the ambassador to Uzbekistan, South Korea and as private secretary to the Prime Minister.

Doraiswami's appointment as ambassador to UK comes after the Modi government went through a several month-long deep selection process which included the possibility having a political appointee as envoy to London.

Doraiswami has been central to close bilateral relationship with Bangladesh through infrastructure and defence co-operation.

India and UK are currently negotiating towards a free trade agreement and the new High Commissioner will have a major role to achieve this.



## കാരൂർ സോമന്റെ നോവൽ പരമ്പര (ലക്കം രണ്ട്)

# 'കന്യാസ്ത്രീ കാർമേൽ'

## ആമുഖം



ഉത്തരേന്ത്യയിൽ ജോലി നോക്കിയിരിന്ന കാലത്ത് സാമൂഹിക സേവന രംഗത്ത് പൂർണമായി അർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ധാരാളം കന്യാസ്ത്രീകളു ണ്ട്. ദൈവത്തിനുവേ ണ്ടി മാത്രമല്ല സമൂഹത്തിനായും പ്രവർത്തിച്ച്, താഴെക്കിടയിലുള്ളവരുടെ ഉന്നമനത്തിലൂടെ കൃതാർത്ഥരാകുന്നു കന്യാസ്ത്രീകൾ. ഇവരോടൊപ്പം സഞ്ചരിച്ച് പ്രവർത്തിക്കുവാൻ എനിക്കും പഞ്ചാബിൽ വെച്ച് അവസരങ്ങൾ ലഭിച്ചിട്ടു ണ്ട്. അതിലൂടെ അവരുടെ നിസ്വാർത്ഥസേവനങ്ങൾ കണ്ടറിഞ്ഞതുമുതൽ ഒരു നോവൽ എഴുതണമെന്ന ചിന്ത എന്റെ മനസ്സിലുണ്ടായിരുന്നു. ഇന്ത്യ വിട്ട് വിദേശവാസം ചെയ്യുമ്പോഴാണ് ഒരു മലയാളി കന്യാസ്ത്രീ ബ്രിട്ടനിൽ ലൈഗീക തൊഴിലാളികൾക്ക് താങ്ങും തണലുമാകുന്ന ഒരു വാർത്ത കണ്ടത്.
അത് ഒരു നോവലിലേക്ക് എന്നെ നയിച്ചു.

കാർമേൽ എന്ന കന്യാസ്ത്രീ കേരളത്തിലെ അനാഥാലയത്തിൽ വളർന്ന് റോമിലെത്തി വൈദ്യശാസ്ത്രം പഠിച്ചു ലോകത്ത് പല ഭാഗങ്ങളിലായി അവർ കണ്ടെത്തിയ ലൈഗീക തൊഴിലാളികൾക്ക് സ്നേഹവും കരുണയും പകർന്നു നൽകി ആരോഗ്യകരമായ ഒരു ജീവിതത്തിലേക്ക്, യഥാർത്ഥ ജീവിത സൗന്ദര്യങ്ങളിലേക്ക് വഴിനടത്തുന്ന കാർമേലിന്റെ ധന്യജീവിതമാണ് പ്രമേയം.

അത്മീയതയും ഭൗതികതയും തമ്മിലുള്ള സംഘർഷങ്ങളിലൂടെയായാണ് യാത്ര. ഗണിതശാസ്ത്രത്തിൽ കാലത്തിനൊപ്പം വീണുപോകാത്ത ചില കണക്കുകൾ എപ്പോഴും ബാക്കിയുണ്ടാകുമെല്ലോ? ജനിതക വൈകൃതങ്ങൾ മറയ്ക്കാതെ തന്നെ ആദർശത്തിന്റെ ഏണിപ്പടിയിലൂടെ ഉയരങ്ങളിൽ അവരെ പ്രതിഷ്ഠിക്കാനാണ് എന്റെ എളിയ ശ്രമം.

നിത്യമായി നടന്നു പോകുന്ന, അല്ലെങ്കിൽ സംഭവിക്കുന്ന,അതുമല്ലെങ്കിൽ ഒരിക്കലും സംഭവിക്കരുതെന്ന് നന്മ മനസ്സുകൾ കൊതിക്കുന്ന സംഭവങ്ങളും കഥാപാത്രങ്ങളും സവിനയം സമർപ്പിക്കുന്നു. സ്വീകരിച്ചാലും.

സ്നേഹപൂർവം, കാരൂർസോമൻ

എയർപോർട്ടിൽനിന്നു ഒന്നരമണിക്കൂർ യാത്ര ചെയ്തെത്തിയത് പുഞ്ചിരിതൂകി നില്ക്കുന്ന പൂക്കളുടെ ഉദ്യാനത്തിലാണ്. ചുറ്റിലും പച്ചപ്പുകൾ നിറഞ്ഞ മരങ്ങളുടെയിടയിൽ രണ്ടും മൂന്നും നിലകളുള്ള ഏതാനം കെട്ടിടങ്ങൾ, ഒരു ഭാഗത്ത് പച്ചക്കറിതോട്ടം. മറ്റൊരു ഭാഗത്ത് ഓറഞ്ച്, ആപ്പിൾ, പിയേർസും വിവിധ നിറങ്ങളിൽ കണ്ടു. പ്രകൃതി സൗന്ദര്യം തുളുമ്പി നില്ക്കുന്ന കാഴ്ചകൾ. ശ്രദ്ധാപൂർവ്വം നോക്കി നടത്തുന്ന കായ്കറി വിള നിലങ്ങളാണ്. അവിടേക്ക് ഏതാനം സ്ത്രീകൾ നടന്നുനീങ്ങുന്നു.

മനോഹരമായ ഒരു വലിയ കെട്ടിടത്തിന് മുന്നിൽ കാർ നിന്നു. ജാക്കി കാറിൽ നിന്നിറങ്ങി ഉത്സാഹത്തോടെ ചുറ്റും നോക്കി. എങ്ങും കൗതുകകാഴ്ചകൾ മാത്രം. എല്ലാ കെട്ടിടങ്ങളുടെയും മുൻഭാഗം സുന്ദരവും കണ്ണുകൾക്ക് ആനന്ദം പകരുന്നതുമാണ്. ജനാലകൾ ഗ്ലാസ്സുകൾ പതിച്ചവയാണ്. കാർ പാർക്കിൽ ഏതാനം കാറുകൾ കിടക്കുന്നു. മറ്റൊരു ഇരുനില കെട്ടിടത്തിന്റെ ജനാലയിലൂടെ ഏതാനും സ്ത്രീകൾ താഴെയെത്തിയ ഞങ്ങളെ ശ്രദ്ധയോടെ നോക്കുന്നു. അടുത്തുള്ള ജനാലയിലൂടെ നോക്കുന്നവരുടെ കണ്ണുകളിൽ എന്തോ ഒരു അപാകത. പറഞ്ഞു കേട്ടതു ഇവിടെയെല്ലാം വേശ്യകളെന്നാണ്. അവരുടെ അംഗചലനങ്ങൾ അതാണ് സൂചിപ്പിക്കുന്നത്. കണ്ണുകളിലും ചുണ്ടുകളിലും ഒരു പുരുഷനെ ചുംബിക്കാനും മാറോടണക്കാനുമുള്ള വെമ്പലു്.

ഡാനി സാർ കെട്ടിടത്തിന്റെ മുൻ വാതിലിലെ കോളിങ്ങ് ബെൽ അമർത്തി. പതിമൂന്ന് മണിക്കൂറിലധികം യാത്ര ചെയ്തുവന്ന ക്ഷീണം ജാക്കിയുടെ മുഖത്ത് കണ്ടില്ല. പ്രസന്നഭാവമാണ്.

മുന്നിലെ ഗ്ലാസിട്ട കതകിന് പിന്നിൽ ഒരു നിഴൽ കണ്ടു. ആദ്യം കരുതിയത് സിസ്റ്റർ കാർമേൽ ആയിരിക്കുമെന്നാണ്. പക്ഷെ കതക് തുറന്നത് മദാലസയായ ഒരു മദാമ്മയാണ്. വടിവൊത്ത ശരീരപ്രകൃതി. കൈകളിലും സ്തനങ്ങളുടെ മുകളിലും ഏതോ ചിത്രങ്ങൾ വരച്ചിരിക്കുന്നു. പ്രായം മുപ്പതോ മുപ്പത്തിയഞ്ചോ തോന്നും. കഴുത്തിൽ രുദ്രാക്ഷമാല പോലുള്ള ഒരു മാല തൂക്കിയിട്ടിരിക്കുന്നു. കാതുകളിൽ കമ്മലുകളില്ല. പുരികങ്ങളുമെഴുതിയിട്ടില്ല. തലമുടി ചെമ്പിച്ചതാണ്. ശരീര സൗന്ദര്യം ആകർഷകമാണ്. ആംഗ്യ ഭാഷ കാട്ടിയപ്പോഴാണ് സംസാരിക്കാൻ കഴിവില്ലാത്തവൾ എന്നറിഞ്ഞത്. ഓമനത്തമുള്ള ആ മുഖത്ത് കടുത്ത നിരാശ. അവളുടെ ജീവിതം ആരെങ്കിലും ചവുട്ടിമെതിച്ചതാണോ?

ഞങ്ങളെ മനസ്സിലാക്കിയതുപോലെ അകത്തേക്ക് ക്ഷണിച്ചു. മുറിക്കുള്ളിലെത്തിയപ്പോൾ അവിടുള്ള കസേരയിൽ ഇരിക്കാൻ ആംഗ്യം കാട്ടി. ഞങ്ങൾ ഇരുന്നു. മുറിക്കുള്ളിൽ യേശുകൃസ്തുവിന്റെ ക്രൂശിത രൂപം. മെർളിൻ പുറത്തേക്ക് നടന്നു. ജാക്കിയോട് ഡാനി മെർളിനെപറ്റി വിവരിച്ചു. സിസ്റ്റർ കാർമേലിന്റെ സെക്രട്ടറിയാണ്. ഇവിടുത്തെ എല്ലാ ഓഫീസ് കാര്യങ്ങളും ചെയ്യുന്നത് ഇവരാണ്. ''മെർളിൻ പോയത് നമ്മൾ വന്നകാര്യം സിസ്റ്ററെ അറിയിക്കാനാണ്.'' ഡാനിയേൽ സാർ പറഞ്ഞു. ജാക്കി ടിപോയിൽ കിടന്ന ഇംഗ്ലീഷ് പത്രങ്ങൾ മറിച്ചുനോക്കിയിരുന്നു.

ഡാനി മൊബൈൽ ജാക്കിക്ക് കൊടുത്തിട്ട് പറഞ്ഞു ''ഇവിടെ എത്തിയ വിവരം വീട്ടിലുള്ളവരെ അറിയിക്ക്'' ജാക്കി ഭവ്യതയോടെ ഫോൺ വാങ്ങി നാട്ടിലേക്ക് വിളിച്ചു. അച്ഛനോടും അമ്മയോടും സംസാരിച്ചു. ഫോൺ മടക്കി കൊടുത്ത സമയം അവരുടെ മുന്നിലേക്ക് നിറപുഞ്ചിരിയുമായി മാലാഖയെപ്പോലെ ഒരു കന്യാസ്ത്രീ കടന്നു വന്നു. ആ തിളങ്ങുന്ന കണ്ണുകൾ ഒരു ദീപംപോലെ ജാക്കിക്ക് തോന്നി. ആ നെഞ്ചത്ത് തൂങ്ങികിടന്ന കുരുശ് സ്വർണ്ണം പോലെ തിളങ്ങുന്നു. നിലാവിന്റെ ഭംഗിയുള്ള വെള്ള വസ്ത്രം ധരിച്ചിരിക്കുന്നു. അവർ എഴുന്നേറ്റ് നിന്ന് വണങ്ങി. അവരോട് ഇരിക്കാൻ ആംഗ്യംകാട്ടി കന്യാസ്ത്രീയും ഇരുന്നു. ജാക്കിയെ മന്ദഹാസത്തോടെ നോക്കി.

''ങ്ഹാ ! ജാക്കി എത്തിയല്ലോ. ഞാൻ സിസ്റ്റർ കാർമേൽ. യാത്ര സുഖമായിരുന്നോ?''

''സുഖമായിരുന്നു '' ജാക്കി മറുപടി പറഞ്ഞു.

ഒരമ്മയുടെ മുന്നിലിരിക്കുന്ന പ്രതീതിയാണ് ജാക്കിക്ക് അനുഭവപ്പെട്ടത്. ദിവ്യതേജസുള്ള ആ മുഖത്തേക്ക് അവൻ ഉറ്റുനോക്കിയിരുന്നു. പ്രായമുണ്ടെങ്കിലും ആ കണ്ണുകൾക്ക് എന്ത് തിളക്കമാണ്. ആ നോട്ടം ആരുടെ ഹൃദയത്തിലും ശാന്തി പകരുന്നതാണ്. ആ കണ്ണുകൾ, ചുണ്ടുകൾ എന്തിനൊക്കയോ ആശ്വാസം പകരുന്നതായി തോന്നുന്നു. കുളിർമ്മയുള്ള മനസ്സുമായി ജാക്കി ഇരുന്നു. പക്ഷെ സിസ്റ്റർ കാർമേലിന്റെ മുഖത്ത് യാതൊരു ഭാവ വ്യത്യാസവുമുണ്ടായില്ല. നിറഞ്ഞ ചെറു മന്ദഹാസത്തോടെയുള്ള അതേ ഭാവം. ആ മന്ദഹാസത്തിന് ഒരു കടലിന്റെ ആഴവും പരപ്പുമു ണ്ടായിരുന്നു. കടുത്ത മൂടൽ മഞ്ഞിൽ കിടന്നാലും അവിടെമാകെ പ്രകാശപൂരിതമാകും. ധ്യാനവും മൗനവും കൂട്ടിയിഴക്കപ്പെട്ട നിമിഷങ്ങൾ. മരുഭൂമിയിലും മഞ്ഞുമലകളിലുമിരുന്ന് മറ്റുള്ളവരുടെ ഐശ്വര്യത്തിനായി പ്രാർത്ഥിക്കുന്ന മണ്ണിലെ ജ്വലിച്ചുനിൽക്കുന്ന നക്ഷത്രങ്ങൾ.



മനോഹരമായ ഒരു വലിയ കെട്ടിടത്തിന് മുന്നിൽ കാർ നിന്നു. ജാക്കി കാറിൽ നിന്നിറങ്ങി ഉത്സാഹത്തോടെ ചുറ്റും നോക്കി. എങ്ങും കൗതുകകാഴ്ചകൾ മാത്രം. എല്ലാ കെട്ടിടങ്ങളുടെയും മുൻഭാഗം സുന്ദരവും കണ്ണുകൾക്ക് ആനന്ദം പകരുന്നതുമാണ്

Photo by Jeremy Bishop on Unsplash

''എന്റെ അതിഥിയായി ജാക്കിക്ക് ഏതാനം ആഴ്ചകൾ ഇവിടെ കഴിയാം. അതിനിടയിൽ ഒരു ചെറിയ ജോലി, താമസസൗകര്യം കണ്ടെത്താൻ ഡാനിസാറിന്റെ സഹായം വേണം''

''തീർച്ചയായും ശ്രമിക്കാം– ജാക്കി നമ്മുടെ കുട്ടിയല്ലേ? എന്നാൽ ഞാനിറങ്ങട്ടെ സിസ്റ്റർ''

അവർ എഴുന്നേറ്റു. ജാക്കി ഡാനിസാറിന്റെ ഇരു കരങ്ങളും ചേർത്തു പിടിച്ചു പറഞ്ഞു.

''വളരെ നന്ദിയു് സാർ..... വളരെ നന്ദി''

ഡാനി യാത്ര പറഞ്ഞു പിരിഞ്ഞു. അപ്പോൾ മെർളിൻ ഒരു ഫയലുമായി അവിടേക്കുവന്നു. അ ഫയൽ മേശപ്പുറത്ത് വെച്ചിട്ട് അവളുടെ കസേരയിലിരുന്നു.

''ങ്ഹ'' ജാക്കി ഇതാണ് മെർളിൻ. ഇവിടുള്ളവരുടെ ഏക സഹായിയാണ്. ഇവൾക്കൊപ്പം പഠിച്ചവർ പലരും ജോലി ചെയ്യുന്നു്. സ്വന്തം കുടുംബത്തിലെ രണ്ടാനച്ഛനിൽ നിന്നും പീഡനങ്ങൾ ഏറ്റുവാങ്ങിയപ്പോൾ രക്ഷപ്പെട്ടെത്തിയത് ഇവിടെയാണ്. രണ്ടാനച്ഛൻ ഇപ്പോൾ ജയിലിലാണ്. സ്ത്രീപീഡകർക്ക് കഠിന ശിക്ഷയാണ് ഈ രാജ്യത്തുള്ളത്. ഈ സ്ഥാപനത്തിന്റെ പേര് അറിയാമോ? ലേഡീസ് കെയർ ഹോം. ഇവിടെ പുരുഷൻമാർക്ക് പ്രവേശനമില്ല. അറിയാമല്ലോ?

''അറിയാം സിസ്റ്റർ'' ജാക്കി ഭവ്യതയോടെ പറഞ്ഞു.

''ഇതൊരു ചാരിറ്റി സ്ഥാപനമാണ്. അറിഞ്ഞും അറിയാതെയും കടുത്ത സാഹചര്യത്തിൽപ്പെട്ടും വഴിതെറ്റിപോകുന്ന പെൺകുട്ടികൾക്കും സ്ത്രീകൾക്കും അവരുടെ ആരോഗ്യജീവിത സംരക്ഷണത്തിനായി അഭയം നല്കുന്ന സ്ഥാപനമാണ്. തെറ്റുകളും പാപങ്ങളും മാത്രം തലച്ചോറിൽ ഉടക്കിനിർത്തിയവരെ തിരുത്തുകയെന്നത് എളുപ്പമുള്ള കാര്യമല്ല. എന്നാലും മാനസികവും ശാരീരികവുമായി അവരെ ഒപ്പം നിറുത്താനും ചികിത്സ, പഠനം, തൊഴിൽ, പ്രാർത്ഥന മുതലായ കാര്യങ്ങളിൽ മുന്നോട്ട് നയിക്കുന്നു. ഇവിടെ നിന്ന് പഠിച്ച് തൊഴിൽ കിട്ടിയ പലരും കുടുംബജീവിതം നയിക്കുന്നു്. ഞാനൊരു ഡോക്ടറായും ശുശ്രൂഷകയായും ഇവിടെ സേവനം ചെയ്യുന്നു. ഇതാണ് ഈ സ്ഥാപനത്തെപ്പറ്റി ചുരുക്കത്തിൽ പറയാനുള്ളത്.''

സിസ്റ്റർ കാർമേൽ പറഞ്ഞതിന്റെ സാമൂഹ്യശാസ്ത്രം മനസ്സിലാക്കി ഉദ്വോഗത്തോടെ ജാക്കി പറഞ്ഞു. ''തീർച്ചയായും പാവപ്പെട്ട സ്ത്രീകൾക്ക് സിസ്റ്റർ ഒരു രക്ഷകയാണ്.'' ചെറു പുഞ്ചിരിയോടെ സിസ്റ്റർ പറഞ്ഞു.

''രക്ഷകരായാൽ മാത്രം പോര. ആ രക്ഷയിലേക്ക് കടന്നുവരണം. കേരളത്തിലുണ്ടായ ജല പ്രളയത്തിൽ എല്ലാവരും രക്ഷകരായി മുന്നോട്ട് വന്നത് ഞാനിവിടെയിരുന്ന് സന്തോഷത്തോടെയാണ് കണ്ടത്. എനിക്ക് ശമ്പളമില്ല എന്നാലും ഒരു ദിവസം ഉപവാസമെടുത്ത് ദൈവത്തോട് പ്രാർത്ഥിച്ചു. എന്റെ ജനത്തെ ഈ മഹാപ്രളയത്തിൽ നിന്ന് രക്ഷിക്കണമെന്ന്.''

ജാക്കിയും ചെങ്ങന്നൂരിൽ രക്ഷാപ്രവർത്തനത്തിന് പോയതും മറ്റും വിവരിച്ചു ''എല്ലാം ദൈവഹിതമാണ്. ജാക്കിയെ ഇവിടെയെത്തിച്ചതും ദൈവഹിതം. മോന്റെ കാര്യം എന്നോട് പറഞ്ഞത് ഇറ്റലിയിൽ മെഡിസിന് എന്നോടൊപ്പം പഠിച്ച ഫാദർ മൈക്കിളാണ്. മറ്റാരും ഇവിടെ സഹായത്തിനില്ലെന്നറിഞ്ഞപ്പോൾ രണ്ടാഴ്ച ഇവിടെ ഷെൽട്ടർ കൊടുക്കാമെന്ന് ഞാൻ പറഞ്ഞു. ഇവിടെ ഗസ്റ്റായി വരുന്നത് സന്യാസജീവിതം നയിക്കുന്നവരാണ്. ജാക്കി മെർളിനൊപ്പം പോയി എന്തെങ്കിലും കഴിച്ചിട്ട് ഒന്നു കുളിച്ച് ഫ്രഷാകുക. എനിക്കൊരു ക്ലാസിന് പോകണം. നമുക്ക് പിന്നീട് കാണാം. ഓകെ''

സിസ്റ്റർ കാർമേൽ കമ്പ്യൂട്ടറിൽ എന്തോ റ്റൈപ്പ് ചെയ്തുകൊണ്ടിരിക്കുന്ന മെർളിനോട് ആംഗ്യഭാഷയിൽ ജാക്കിയുടെ കാര്യം പറഞ്ഞിട്ട് പുറത്തേക്ക് നടന്നു.

സമൂഹത്തിൽ വഴിതെറ്റി സഞ്ചരിക്കുന്ന സ്ത്രീകൾക്കായി ജീവിതം മാറ്റിവെച്ച, ഒരു മാലാഖയുടെ മനസ്സുള്ള അമ്മയുടെ മുന്നിലിരിക്കാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി കരുതുന്നു. ജനിച്ചുവളർന്ന മണ്ണിൽ ഒരപകടമുണ്ടായപ്പോൾ ജന്മം നല്കിയ മണ്ണിനെയോർത്ത് പ്രാർത്ഥിക്കുന്ന അമ്മ. അതുവെറും പ്രർത്ഥനയല്ല. ഉപവാസ പ്രാർത്ഥന. എത്ര സന്യാസി വേഷക്കാർക്ക് ഇതുപോലെ ഉപവസിച്ച് പ്രാർത്ഥിക്കാൻ കഴിഞ്ഞിട്ടുണ്ട്.? ഇതിനൊക്കെ നന്ദി പറയേണ്ടത് ഷാരോണിനോടാണ്. അവളുടെ അമ്മാവൻ ഫാദർ മൈക്കിൾ ഇറ്റലിയിൽ ഉള്ളതുകൊണ്ടാണല്ലോ ഇങ്ങനെ ഒരവസരം ലഭിച്ചത്. ആൾ ദൈവങ്ങളുടെ അനുഗ്രഹങ്ങൾ തേടി ഒരു കൂട്ടർ അലയുമ്പോൾ ജാക്കിയുടെ ശിരസ്സ് അഭിമാനം കൊണ്ടുയരുകയാണ്. ഈശ്വരന്റെ ചൈതന്യം തുടിച്ചുനിൽക്കുന്ന ഒരു മലയാളി കന്യാസ്ത്രീ, പാപത്തിന്റെ താഴ്വാരങ്ങളിൽ വഴുതിവീണവരെ വിദേശ രാജ്യങ്ങളിൽ രക്ഷപ്പെടുത്തുന്നു. മറ്റുള്ളവർക്കായി സ്വയം ഉരുകിയുരുകിതീരുന്ന മെഴുകുതിരികൾ!

മെർളിൻ അടുത്തുവരുമ്പോഴാണ് ജാക്കിയുടെ ചിന്തകളകന്നത്. അവൾ ആംഗ്യംകാട്ടി വിളിച്ചുകൊണ്ട് കാന്റീനിലേക്ക് നടന്നു. അവിടുത്തെ വലിയൊരു ഹാളിൽ കുറേപേർ ഭക്ഷണം കഴിക്കുന്നു. അവിടെ നടക്കുന്ന ചില സ്ത്രീകൾ അർദ്ധനഗ്നരെക്കാൾ നഗ്നരെന്ന് പറയുന്നതാകും നല്ലത്. പാപ ജീവിതം മാത്രം പങ്കിട്ടെടുത്ത വാസവദത്തമാർക്ക് ഏതു വസ്ത്രം ധരിച്ചാലെന്താണ്? ആ മതിമോഹിനിമാർ ജാക്കിയെ തറപ്പിച്ചുനോക്കി. ഇതിനുള്ളിൽ ആദ്യമായിട്ടായിരിക്കും ഇവർ ഒരു പുരുഷനെ കാണുന്നത്. മനസ്സ് അസ്വസ്ഥമായി. കാമാർത്തിയുള്ള അവരുടെ നോട്ടത്തിലും ഭാവത്തിലും മുഖം ചുളിഞ്ഞു. സ്വന്തം ശരീരഭാഗങ്ങൾ പുറം ലോകത്തിന് നൽകി സമ്പത്തുണ്ടാക്കിയവർ, പൂമണം പരത്തുന്ന പട്ടുമെത്തയിൽ ഒരുങ്ങികിടന്ന് ദീർഘശ്വാസം വലിച്ചവർ. ദീർഘായുസ്സിനായി പാപകർമ്മങ്ങളിൽ നിന്നും മാറി വിശുദ്ധ ജീവിതം നയിക്കാനെത്തിയവർ. അപ്പോൾ ആ കാമ നോട്ടത്തിന് എന്ത് പ്രസക്തിയാണുള്ളത്?. സ്വന്തം ജീവിതത്തിന്റെ പച്ചപ്പുകൾ, സൗന്ദര്യം ആത്മഹനനത്തിലൂടെ ഉണക്കിയെടുത്ത് മരുഭൂമി തീർത്തവരുടെ കണ്ണുകളിൽ ഇന്ന് കാണുന്നത് ഒരു മരുപച്ചയാണ്. ആ എത്തിനോട്ടം തീവ്രവേദനയുടെ കുണ്ടും കുഴിയും നിറഞ്ഞ നോട്ടമായി കണ്ടാൽ മതി.

മെർളിൻ നടന്നെത്തിയത് ഒരു മുറിക്കുള്ളിലാണ്. മനസ്സിൽ ഉരുണ്ടുകൂടിയ കാർമേഘങ്ങൾ അപ്പോഴാണ് മാറിയത്. മുറിക്കുള്ളിലിരുന്നു. അങ്ങുമിങ്ങും നില്ക്കുന്ന അർദ്ധനഗ്നരായ സ്ത്രീകളെ കാണാം. മെർളിൻ ഇരിക്കാൻ ആംഗ്യം കാട്ടിയിട്ട് അടുക്കള ഭാഗത്തേക്ക് പോയി. മുറിയാകെ കണ്ണോടിച്ചു. വേശ്യകളുടെ തീൻമേശകൾ അവരുടെ പാപങ്ങളെ കഴുകുംവിധം പരിശുദ്ധി നിറഞ്ഞതാണ്. ഓരോ നിമിഷവും തന്നിലെ ജിജ്ഞാസ വർദ്ധിക്കുകയാണ്. എല്ലാം പുതുമനിറഞ്ഞ കാഴ്ചകൾ. (തുടരും)